**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.1450** **06-03-2018 ൽ മറുപടിയ്ക്ക്**

**ഹജ്ജ്തീർത്ഥാടനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി.എ.റഹീം** | | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) | ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികൾക്ക്, അവരുടെ പാസ്പോർട്ടുകൾ ഏപ്രിൽ 15 നകം ഹജ്ജ് ഹൗസിൽ ലഭ്യമാക്കണമെന്ന നിബന്ധന പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ നേരത്തെ പാസ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | ബി) | ഹജ്ജ് ഇലക്ട്രോണിക് (ഇ-പാത്ത്) പാത്തിലൂടെ ഹജ്ജ് വിസ ലഭ്യമാക്കുന്നതിനുള്ള വിവരങ്ങൾ അപ്-ലോഡ് ചെയ്യാനുള്ള അവസാന തീയതിയായ 15-05-2018(ഷഹബാൻ അവസാനം)-ന് ഒരു മാസം മുമ്പ് പ്രോസസിംഗിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അപേക്ഷകരും പാസ്പോർട്ടുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം എന്നത് സൗദി അറേബ്യയിലെ ഹജ്ജ് മന്ത്രാലയത്തിന്റെ ഈ വർഷത്തെ പ്രത്യേക നിർദ്ദേശമാണ്. |
| സി) | പ്രവാസികളുടെ പാസ്പോർട്ട് സ്വീകരിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; | സി) | പ്രവാസികൾക്ക് പരമാവധി സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയോടും, കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തോടും നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സമയം |

| | |
|---|---|
| എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | ദീർഘിപ്പിക്കാനാവില്ലെന്നും സൗദി അറേബ്യയിലെ ഹജ്ജ് ഉംറ കാര്യാലയം സമയം കൂടുതൽ അനുവദിക്കുകയാണെങ്കിൽ മാത്രമേ അത് സാധ്യമാകുകയുള്ളൂവെന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**